(ബി) ശരിയാണോ; നിയമപ്രകാരമുള്ള പരീക്ഷായോഗ്യതയുള്ളവരെ ബോർഡുജീവനക്കാരായി നിയമിക്കുന്നതിനു പ്രസിഡൻറിനു അധികാരമുണ്ടായിരുന്നു.

ശ്രീ. ഇ. പി. ഗോപാലൻ: ബോർഡു പ്രസിഡൻറു നിയമിച്ച കാലത്തു അന്നു നിശ്ചയിച്ചിരുന്ന വിദ്യാഭ്യാസയോഗ്യത ഉണ്ടായിരുന്ന സ്ഥിതിക്കു, ഇന്നു, അതു മതിയായ വിദ്യാഭ്യാസയോഗ്യതയല്ലെന്നു നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അന്നു വേണമെന്നു വ്യവസ്ഥചെയ്തിരുന്ന യോഗ്യതതന്നെയായിരിക്കും ഇന്നും ഉള്ളതു.

ശ്രീ. ഇ. പി. ഗോപാലൻ: അന്നു വ്യവസ്ഥചെയ്തിരുന്ന യോഗ്യതയുടെ അടിസ്ഥാനത്തിൽമാത്രമേ അന്നു നിയമനം നടന്നിട്ടുള്ളു. അന്നത്തെ യോഗ്യത, മതിയായ യോഗ്യതയല്ലാതായിത്തീരുന്നതിനു, യോഗ്യതയില്ലാത്ത വരെയും നിയമിക്കാൻ പ്രസിഡൻറിനു അധികാരം ഉണ്ടായിരുന്നോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: എമർജൻസി കേസ്സിൽ പ്രസിഡൻറിനു ചില നിയമനങ്ങൾ നടത്താൻ അധികാരമുണ്ടായിരുന്നു. അതു ചില പ്രത്യേകവ്യവസ്ഥയിന്മേലായിരുന്നു. ഡിവിഷണൽ എഡ്യൂക്കേഷൻ ആഫീസറുടെ അനുമതിയോടുകൂടിമാത്രം, എമർജൻസി കേസ്സിൽ അൺ കപ്പാളിഫൈഡ് ടീച്ചേഴ്സിനെ നിയമിച്ചിരുന്നു. അങ്ങനെയുള്ളവരെ പിരിച്ചുവിടാനാണു കല്പനയായിട്ടുള്ളതു.

ശ്രീ. പി. ടി. ചാക്കോ: യോഗ്യതയില്ലാത്ത ഉദ്യോഗസ്ഥന്മാരെ നിയമിച്ച ഡിസ്ട്രിക്ടു ബോർഡു പ്രസിഡൻറു ആരായിരുന്നുവെന്നു പറയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ശ്രീ. പി. ടി. തോമസ് കരപ്പണിക്കർ.

ശ്രീ. പി. ടി. ചാക്കോ: അങ്ങനെ യോഗ്യതയില്ലാത്ത ആളുകളെ നിയമിച്ചതിനു പ്രതിഫലമായിട്ടാണോ അദ്ദേഹത്തെ പബ്ലിക് സർവ്വീസുകമ്മീഷൻ മെമ്പറായി നിയമിച്ചതു?

Mr. Speaker: That need not be answered.

Shri T. C. Narayanan Nambiar: By means of a question, the Opposition Leader has created an impression that the ex-President of the Malabar District Board was appointing unqualified hands. So, by means of supplementaries we have to make it clear that it was not so.

Mr. Speaker: I have disallowed that question.

സാമ്പത്തികശേഷിയില്ലാത്ത വിദ്യാർത്ഥികളുടെ ഉപരിപഠനം.

* 1502. [13] ശ്രീ ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) സാമ്പത്തികശേഷിയില്ലാത്ത വിദ്യാർത്ഥികളുടെ ഉപരിപഠനാർത്ഥം ആവശ്യമായ സംഖ്യ കടം കൊടുക്കാൻ ഗവണ്മെൻറിനു വല്ല പദ്ധതികളുമുണ്ടോ;

(ബി) മേനനിർമ്മാണപദ്ധതിയുടെ കടംവാങ്ങുന്നയുടെ മാതൃകയിൽ ഇതുസംബന്ധിച്ചു എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുവാൻ ഗവണ്മെൻറു ഉദ്ദേശിക്കുന്നുണ്ടോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) ഇല്ല.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ ടി. കെ. കുഞ്ഞൻ: ഇക്കാര്യത്തെക്കുറിച്ച് ആലോചിക്കുവാൻ ഗവണ്മെൻറിനു ഭയമുണ്ടോകുമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ആലോചിക്കുവാൻ വിരോധമില്ല. പക്ഷേ കുറെ സാമ്പത്തികബാധ്യതയുള്ള കാര്യമായതുകൊണ്ട് ഇത്തരം പുതിയ പരിപാടികൾ നടപ്പിലാക്കുവാൻ വിഷമമുണ്ട്.

ഗ്രന്ഥാലയസംഘത്തിലെ ജീവനക്കാരുടെ ശമ്പളം.

* 1503 [14] ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സമയം മനപൂർവ്വം നൽകുമോ:

(എ) കേരള ഗ്രന്ഥാലയസംഘത്തിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതുകൊണ്ട് ഈ ഗവണ്മെൻറിൽ നിന്നാണോ കൊടുക്കുന്നത്;

(ബി) അതെങ്കിൽ ഗ്രന്ഥാലയസംഘത്തിലെ ജീവനക്കാരുടെ നിയമനക്കാര്യത്തിൽ സർക്കാരിനു വല്ല ഉത്തരവാദിത്വവുമുണ്ടോ;

(സി) പ്രസ്തുത സ്ഥാപനത്തിലെ നിയമനാദി കാര്യങ്ങൾക്ക് സർവ്വീസ് കമ്മീഷൻ ചട്ടം ബാധകമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കേരള ഗ്രന്ഥാലയസംഘം ജനറൽ സെക്രട്ടറിയുടെ പരീക്ഷായോഗ്യതയെന്ത്; അദ്ദേഹത്തിനു നൽകുന്ന ശമ്പളമെത്ര;

(ഇ) കേരള ഗ്രന്ഥാലയസംഘം ജീവനക്കാരുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക നൽകുവാൻ ഭയമുണ്ടാകുമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) ഗവണ്മെൻറിൽ നിന്നും ഗ്രാൻറുകൊടുക്കുന്നുണ്ട്;

(ബി) ഗവണ്മെൻറിനു യാതൊരു ഉത്തരവാദിത്വവുമില്ല.

(സി) ഇതു് ഒരു അനൗദ്യോഗികസംഘടനയായതിനാൽ ഈതിലെ ജീവനക്കാരുടെ നിയമനത്തിനു പബ്ലിക് സർവ്വീസ് കമ്മീഷൻറെ ചട്ടങ്ങൾ ബാധകമാക്കുവാൻ നിവൃത്തിയില്ല.

(ഡി) സെക്രട്ടറിയുടെ പരീക്ഷായോഗ്യത ഇ. എസ്സ്. എൽ.സി. യും ടി. ടി. സി. യും ആണു്. അദ്ദേഹം ഒരു പ്രൈമറിസ്കൂൾ ടീച്ചറായിരുന്നു. അദ്ദേഹം പ്രതിമാസം 225 രൂപ ആണറേറിയം പറ്റുന്നുണ്ട്.

(ഇ) † ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: ഇ. എസ്സ്. എൽ. സി. യും, ടി. ടി. സി. യും പാസ്സായിട്ടുള്ള ഒരു സാധാരണ ഉദ്യോഗസ്ഥനു് 40-120 രൂപയാണു് ശമ്പളം കൊടുക്കുന്നതു്. ഈ പ്രത്യേക ഉദ്യോഗസ്ഥനു് ഇത്ര വലിയ ശമ്പളം കൊടുക്കുവാൻ വല്ല കാരണവും ഉണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഗവണ്മെൻറല്ല ഈ ഉദ്യോഗസ്ഥനെ നിയമിച്ചിരിക്കുന്നതു്. ഗ്രന്ഥശാലാസംഘം വക്കീലാപ്പീസ് കമ്മിറ്റി ആവശ്യപ്പെട്ടതനുസരിച്ചു് അദ്ദേഹത്തെ ഇങ്ങോട്ടു് എടുത്തിരിക്കുകയാണു്. അവർ നിശ്ചയിച്ച ശമ്പളമാണു് അദ്ദേഹത്തിനു് കൊടുക്കുന്നതു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: ലിസ്റ്റ് എനിക്കു് കിട്ടിയിട്ടില്ല ഞാൻ അറിഞ്ഞിടത്തോളം ഒരു ഹൈസ്കൂൾ ഉദ്യോഗസ്ഥൻമാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ. അദ്ദേഹത്തെ എന്തോകാരണം പറഞ്ഞുകൊണ്ടു് പിരിച്ചുവിട്ടുവെന്നറിയുന്നതു ശരിയാണോ?

† Placed in the Library

LIBRARY ARCHIVES Kerala Legislative Assembly